## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2079 07.12.2015-ൽ മറുപടിയ്ക്ക്

### ഗോത്രവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ചുള്ള തീവ്രവാദ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ഗോത്രവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ചുള്ള തീവ്രവാദ സംഘടന പ്രവർത്തനവുമായി ബന്ധപ്പെട്ട് എതെല്ലാം കോളനികളിൽ നിന്നും ഏതെല്ലാം തീവ്രവാദ സംഘടനാ പ്രവർത്തകരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട് ; എത്ര പേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട് ; വിശദമാക്കാമോ ; | (എ) സംസ്ഥാനത്തിന്റ വടക്കൻ മേഖലയിലെ ജില്ലകളായ മലപ്പുറം, വയനാട്, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ചില ആദിവാസി ഊരുകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടങ്ങളിൽ നിന്നും ആരെയും കസ്റ്റഡിയിൽ എടുത്തിട്ടില്ല. മാവോയിസ്റ്റുകൾ ആദിവാസികളെ സ്വാധീനിക്കുവാൻ ശ്രമിച്ചു വരുന്നു പക്ഷേ നാളിതുവരെയും അവരെ കാര്യമായി വശത്താക്കാൻ മാവോയിസ്റ്റുകൾക്ക് സാധിച്ചിട്ടില്ല. |
| (ബി) എന്തെല്ലാം കേസുകളാണ് ഇവർക്കെതിരെ ചുമത്തിയിട്ടുള്ളത് ; വിശദമാക്കാമോ ; | (ബി) കേസുകൾ എടുത്തിട്ടില്ല. |
| (സി) ഇത് സംബന്ധിച്ച് കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വ്യക്തമാക്കാമോ ; | (സി) കേസുകൾ എടുത്തിട്ടില്ല. |
| (ഡി) ഇതുമായി ബന്ധപ്പെട്ട പോലീസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ഡി) സംസ്ഥാനത്ത് മുഖ്യമായും വടക്കൻ മേഖലയിലാണ് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ കാണപ്പെട്ടിട്ടുള്ളത്. മറ്റു ചില പ്രദേശങ്ങളിലും അവരുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിരീക്ഷിക്കാനും, അവരുടെ പ്രവർത്തനം തടയാനും പോലീസിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കണ്ണൂർ ഡി.ഐ.ജി. യെ മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളുടെ മേധാവിയായി നിയമിച്ചിട്ടുണ്ട്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ